# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

കെട്ടിടനിർമ്മാണ ചട്ടം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *578.** 23.05.17- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം<br>,, റോജി എം. ജോൺ<br>,, അനൂപ് ജേക്കബ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും വെവ്വേറെ കെട്ടിടനിർമ്മാണ ചട്ടം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. കോർപ്പറേഷനുകളിലേയും, മുനിസിപ്പാലിറ്റികളിലേയും, ഗ്രാമപഞ്ചായത്തുകളിലേയും സ്ഥിതി വിശേഷങ്ങൾ വ്യത്യസ്തങ്ങളായതിനാൽ, ഓരോന്നിനും പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റികൾ തയ്യാറാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കരട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രക്രിയ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പ്രക്രിയയിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ഭേദഗതികൾ നിലവിലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ